# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2109. 26.03.2013 ൽ മറുപടിയ്ക്ക്.

<u>ലൈസൻസ്, ബാഡ്ജ് എന്നിവ ലഭിക്കുന്നതിനുള്ള മാനദണ്ഡം</u>

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് ബസ് കണ്ടക്ടർ ലൈസൻസ്, ഡ്രൈവേഴ്സ് ബാഡ്ജ് എന്നിവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ അദ്ധ്യായം II, III എന്നിവയിലെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ബസ് കണ്ടക്ടർ ലൈസൻസ്, ഡ്രൈവേഴ്സ് ബാഡ്ജ് എന്നിവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><u>ഡ്രൈവേഴ്സ് ബാഡ്ജ്</u><br>1) ബാഡ്ജ് ലഭിക്കുന്നതിന് 8-ാം ക്ലാസ്സ് പാസായിരിയ്ക്കണം.<br>2) അപേക്ഷകന് 20 വയസ്സ് തികഞ്ഞിരിക്കണം.<br>3) അപേക്ഷകന് ലൈറ്റ് മോട്ടോർ വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ഉണ്ടെങ്കിൽ പ്രസ്തുത തരത്തിലുള്ള വാഹനം ഓടിക്കുന്നതിൽ 1 വർഷമെങ്കിലും അനുഭവ പരിജ്ഞാനം സ്വായത്തമാക്കിയതിന് ശേഷം മാത്രമേ ബാഡ്ജിനുള്ള അപേക്ഷ പരിഗണിക്കുകയുള്ളൂ. എന്നാൽ ഓട്ടോറിക്ഷ ബാഡ്ജ് ലൈസൻസിനൊപ്പം എടുക്കാവുന്നതാണ്.<br>4) ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റും, സ്വഭാവ സർട്ടിഫിക്കറ്റും വേണം.<br><u>കണ്ടക്ടർ ബാഡ്ജ്</u><br>1) കണ്ടക്ടർ ലൈസൻസ് ലഭിക്കുന്നതിന് അപേക്ഷകൻ എസ്.എസ്.എൽ.സി. പാസ്സാകുകയോ, തത്തുല്യ യോഗ്യത നേടുകയോ ചെയ്തിരിക്കണം. |

| | | |
|---|---|---|
| | | 2) അപേക്ഷകന് 18 വയസ്സ് തികഞ്ഞിരിക്കണം.<br>3) ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റും സ്വഭാവസർട്ടിഫിക്കറ്റും ഉണ്ടാകണം. |
| (ബി) ലൈസൻസ് ലഭിക്കുന്ന തിനുള്ള പരീക്ഷാ സമ്പ്രദായം എന്താണെന്ന് വിശദമാക്കുമോ ; | (ബി) | കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ അദ്ധ്യായം II, III എന്നിവയിൽ അനുശാസിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ബസ് കണ്ടക്ടർ ലൈസൻസ് ടെസ്റ്റിനും, ഡ്രൈവേഴ്സ് ബാഡ്ജ് ടെസ്റ്റിനും വാചാ പരീക്ഷയാണ് നിലവിലുള്ളത്. കണ്ടക്ടർ ലൈസൻസിനും, ഡ്രൈവിംഗ് ലൈസൻസ് ബാഡ്ജിനുമായി അപേക്ഷിക്കുന്നവർ ലൈസൻസിംഗ് അതോറിറ്റിയുടെ മുൻപിൽ ബന്ധപ്പെട്ട രേഖകളുമായി ഹാജരാകുകയും, ലൈസൻസിംഗ് അതോറിറ്റി ലൈസൻസ്, ബാഡ്ജ് എന്നിവ നല്കുന്നതിന് മുൻപ് അപേക്ഷകന് വാചാപരീക്ഷ നടത്തുകയും ചെയ്യുന്നു. അതിൽ വിജയിക്കുന്നവർക്കാണ് കണ്ടക്ടർ ലൈസൻസ്, ബാഡ്ജ് എന്നിവ നല്കുന്നത്. |
| (സി) ഇത് പരിഷ്ക്കരിക്കുന്ന തിന് നടപടി സ്വീകരിക്കുമോ ;<br><br>(ഡി) കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ സമ്പ്രദായം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി)<br>&<br>(ഡി) | ലൈസൻസ് ലഭിക്കുന്നതിനുള്ള പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കുന്നതിനോ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ സമ്പ്രദായം നടപ്പാക്കുന്നതിനോ ഉള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.